**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 570** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിഭാഗങ്ങളുടെ ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ വിഭാഗങ്ങളുടെ ഏകീകരണം കൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 2009 ലെ വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ട്, എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ളതും ജനാധിപത്യ-മതനിരപേക്ഷ മൂല്യങ്ങൾ ഉളവാകുന്നതുമായ ജനകീയ വിദ്യാഭ്യാസക്രമം നടപ്പാക്കുന്നതിനാണ് സ്കൂൾ ഏകീകരണം നടപ്പാക്കുന്നത്. ഒരു ക്യാമ്പസ്സിൽ ഒന്നിലധികം സ്ഥാപന മേധാവികൾ ഉണ്ടാകുക, ഒരേ ക്യാമ്പസിലെ സ്കൂളുകളെ നിയന്ത്രിക്കുന്ന വ്യത്യസ്ത ഡയറക്ടറേറ്റുകൾ പ്രസ്തുത ക്യാമ്പസ്സിലെ സ്കൂളുകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നതിന് തടസം സൃഷ്ടിക്കുന്നത് ഒഴിവാക്കുക, വിവിധ വിഭാഗം ജീവനക്കാർ തമ്മിലുള്ള ഏകോപനം മൂലം മെച്ചപ്പെട്ട ഭരണ സംവിധാനം ഒരുക്കുക, ഒരു ക്യാമ്പസ്സിൽ ലഭ്യമായ എല്ലാതരം വിഭവങ്ങളും ലൈബ്രറി, ലാബോറട്ടറി, കമ്പ്യൂട്ടർ ലാബ്, കളിയുപകരണങ്ങൾ തുടങ്ങിയ ഭൗതിക വിഭവങ്ങളും, ഉയർന്ന യോഗ്യത, വൈവിധ്യമാർന്ന കഴിവ്, വ്യത്യസ്തങ്ങളായ അനുഭവങ്ങൾ എന്നിങ്ങനെയുള്ള മനുഷ്യവിഭവശേഷിയും ഫലപ്രദമായി ക്യാമ്പസ്സിലെ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള ഏകോപനം മെച്ചപ്പെടുത്തുക, സ്കൂളിന്റെ അഭിവൃദ്ധിയ്ക്കായി പ്രാദേശികമായ വിഭവങ്ങൾ കണ്ടെത്തുന്നതിനും കണ്ടെത്തിയവ വിനിയോഗിക്കുന്നതിനും തടസ്സമായി നിൽക്കുന്ന ആന്തരികമായ തർക്കങ്ങൾ ഒഴിവാക്കുക എന്നിവയാണ് **സ്കൂൾ വിഭാഗങ്ങളുടെ ഏകീകരണം കൊണ്ടുണ്ടാകുന്ന പ്രധാന നേട്ടങ്ങൾ.** |
| (ബി) | ഇക്കാര്യത്തിൽ അധ്യാപകരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് | (ബി) | ഖാദർ **കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ** |

| | | | |
|---|---|---|---|
| | സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | **ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെയും റിപ്പോർട്ടിന്റെയും പരിശോധന നടന്നുവരികയാണ്. അധ്യാപകർ ഉൾപ്പെടെ എല്ലാത്തരം ജീവനക്കാരുടെയും സംഘടനകളുടെയും അഭിപ്രായം കൂടി കണക്കിലെടുത്താകും ഏകീകരണ നടപടി സ്വീകരിക്കുന്നത്.** |

സെക്ഷൻ ഓഫീസർ